**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5596** **03-11-2021 - ൽ മറുപടിയ്ക്ക്**

**ലീസ് ഭൂമിയിൽ നിന്നുമുള്ള പാറ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലീസ് ഭൂമിയിൽ നിന്നുള്ള പാറ ഖനനത്തിന് ലൈസൻസ് നൽകുന്നത് തദ്ദേശസ്ഥാപനങ്ങൾ മുഖേനയാണോ; എങ്കിൽ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ? | (എ) | തദ്ദേശ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. ലൈസൻസ് ലഭിക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, സ്വകാര്യ ഭൂമിയാണെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, റവന്യൂ ഭൂമിയാണെങ്കിൽ കേരള ലാന്റ് കൺസർവേഷൻ ആക്ട് 1957 പ്രകാരമുള്ള അനുമതി, PESO (Pertroleum & Explosive Safety Organization) യുടെ അനുമതി, പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി പത്രം, ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും, അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയാണെങ്കിൽ SEIAA (State Environment Impact Assessment Authority) യുടെ അനുമതി, അഞ്ച് ഹെക്ടർ മുതലുള്ള ഭൂമിയാണെങ്കിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, റവന്യൂ വകുപ്പിൽ നിന്നോ ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ പക്കൽ നിന്നോ ലഭിച്ച അനുമതി, ജില്ലാ കളക്ടറുടെ ഉത്തരവ്, ലീസ് ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപത്രം, എന്നീ രേഖകൾ സഹിതം അപേക്ഷ ലഭിക്കുമ്പോൾ ഭരണസമിതി തീരുമാനമെടുത്താണ് ലൈസൻസ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ